LIBRARY ARCHIVES Kerala Legislative Assembly

ജനനീ ജന്മരക്ഷ പദ്ധതിയിലൂടെ നൽകിയ ആനുകൂല്യങ്ങൾ

217(2420) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി അമ്മമാർക്കുള്ള ജനനി ജന്മരക്ഷാ പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി രൂപീകരിച്ചതിനുശേഷം നാളിതുവരെ എത്ര രൂപയുടെ ആനുകൂല്യങ്ങൾ നൽകിയെന്നും അവ ലഭിച്ച വ്യക്തികളുടെ പേരും മേൽവിലാസവും അടങ്ങിയ ജില്ല തിരിച്ചുള്ള പട്ടിക ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിൽനിന്നും അയച്ചുകൊടുത്ത തുക മേൽവിലാസക്കാർക്ക് ലഭിക്കാതെ തിരിച്ചുവരികയും പ്രസ്തുത തുക ഉദ്യോഗസ്ഥർ കൈവശപ്പെടുത്തുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം മേൽവിലാസങ്ങളിൽ നിന്നാണ് തുക തിരിച്ചുവന്നതെന്നും പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ എന്തു നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

ഉത്തരം

(എ) ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ താഴെ കൊടുക്കുന്നു:

1. എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എല്ലാ ഗർഭിണികളും ഈ പദ്ധതിയുടെ പരിധിയിൽ വരുന്നു.

2. ഗർഭാവസ്ഥയുടെ മൂന്നാം മാസം മുതൽ കുട്ടി ജനിച്ച് ഒരു വയസ് തികയുന്നതുവരെയുള്ള 18 മാസക്കാലത്തേക്ക് പ്രതിമാസം 1000 രൂപാ വീതമാണ് ആനുകൂല്യം നൽകുന്നത്.

3. ജനനി ജന്മരക്ഷാപദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾക്കായി ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്/ആശാവർക്കർ എന്നിവരുടെ പക്കൽ പേര് രജിസ്റ്റർ ചെയ്തിരിക്കണം. ആദ്യ ഗഡു ആനുകൂല്യം ലഭിക്കുന്നതിനായി ഗുണഭോക്താവ് തന്നെ സത്യവാങ്മൂലം നൽകിയാൽ മതിയാകും.

4. രണ്ടാമത്തെ ഗഡുക്കൾ ആനുകൂല്യം ലഭിക്കുന്നതിന് ഒരു ജെ.പി.എച്ച്.എൻ/ഡോക്ടർ ഇവരിൽ ആരെങ്കിലും ഗർഭിണിയെ 'പ്രസവപൂർവ്വ' പരിശോധന നടത്തിയിരിക്കണം. ഏഴാമത്തെ ഗഡു ലഭിക്കുന്നതിന് രക്തസമ്മർദ്ദപരിശോധന, യൂറിൻ പരിശോധന, ഹീമോഗ്ലോബിൻ പരിശോധന, ഭാരപരിശോധന എന്നിവ നടത്തിയിരിക്കണം. പതിനൊന്നാം ഗഡു ലഭിക്കുന്നതിന് കുട്ടിക്ക് മൂന്ന് 'സീറോ ഡോസ് ഒ.പി.വി', 'ബർത്ത് ഡോസ് എച്ച്.പി.വി' കൂടാതെ ബി.സി.ജി. എന്നിവയും നൽകിയിരിക്കണം. അവസാന ഗഡു ലഭിക്കുന്നതിന് കുട്ടിക്ക് മൂന്ന് പ്രാഥമിക ഇമ്മ്യൂണൈസേഷൻ നൽകിയിരിക്കണം.

5. ഇത്തരത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗർഭിണികളുടെയും കുട്ടികളുടെയും ആരോഗ്യ സംരക്ഷണം ജെ.പി.എച്ച്.എൻ./ 'ആശ' എന്നിവരുടെ ഉത്തരവാദിത്വത്തിൽപ്പെടുന്നു.

6. കുട്ടിക്ക് 12 മാസം ആകുന്നതോടെ ഗുണഭോക്താവ് ഈ ആനുകൂല്യത്തിന്റെ പരിധിയിൽനിന്നും ഒഴിവാകുന്നതാണ്.

7. 'ജനനി ജന്മരക്ഷ' പദ്ധതിയിലൂടെ ലഭിക്കുന്ന ആനുകൂല്യം അമ്മയും കുഞ്ഞിനും പോഷകാഹാരം ലഭ്യമാക്കുന്നതിന് മാത്രമേ വിനിയോഗിക്കാൻ പാടുള്ളൂ.

8. ഏതെങ്കിലും കാരണത്താൽ അകാലത്തിൽ ഗർഭം നഷ്ടപ്പെടുകയോ, കുട്ടി മരിച്ചു പോകുകയോ ചെയ്താൽ അമ്മയ്ക്ക് ഈ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കും.

(ബി) പദ്ധതി നടത്തിപ്പിനായി 11.95 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 11850 പേർക്ക് നാളിതുവരെ പദ്ധതിയുടെ ആനുകൂല്യം നൽകിയിട്ടുണ്ട്.

(സി) ജനനി ജന്മരക്ഷാപദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് മണിയോർഡർ പ്രകാരം അയച്ച തുക ചിലത് കൈപ്പറ്റാത്തതിനാൽ മടങ്ങി വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത തടസ്സങ്ങൾ പരിശോധിച്ച് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly